# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6580
# 09.07.2014 ലെ മറുപടിക്ക്
## <u>പൂർത്തിയാക്കാത്ത എം.എൽ.എ-എസ്.ഡി.എഫ് പദ്ധതികൾ</u>

| ചോദ്യം.<br>ശ്രീ. കെ. ദാസൻ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി |
|---|---|---|
| (എ) | എം.എൽ.എ - എസ്.ഡി.എഫ് പദ്ധതിയിൽ 2006-2011 കാലയളവിൽ നിയസഭാ സാമാജികൻ ശുപാർശ ചെയ്ത പ്രവർത്തികളിൽ നാളിതുവരെ ആരംഭിക്കാത്തതും പൂർത്തിയാവാത്തതുമായ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം എന്നും, പ്രസ്തുത പ്രവർത്തികൾ ഏത് വർഷങ്ങളിൽ എം.എൽ.എ ശുപാർശ ചെയ്തതാണ് എന്നും വ്യക്തമാക്കാമോ; പ്രവർത്തിയുടെ പേര്, ഇപ്പോഴത്തെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പ്രവൃത്തി ഓരോന്നും നടപ്പാക്കാൻ സാധിക്കാത്തത് എന്തുകൊണ്ട് എന്നത് വ്യക്തമാക്കാമോ? | |
| (സി) | നടപ്പാക്കാതെ മുടങ്ങി കിടക്കുന്ന ഈ പ്രവർത്തികളുടെ കാര്യത്തിൽ പ്രവർത്തി നടപ്പാക്കുന്നതിന് ഇക്കാലയളവിൽ നടത്തിയ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ വിശദമാക്കാമോ; | ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് കൊണ്ട് നിലവിലെ എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ പുനരവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തടസ്സപ്പെട്ട് കിടക്കുന്ന ഇത്തരം പ്രവർത്തികളുടെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | എം.എൽ.എ - എസ്.ഡി.എഫ് ന് കീഴിൽ തടസ്സപ്പെട്ട് കിടക്കുന്ന പ്രവർത്തികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകി, 04/06/2013 ൽ 50/2013/ധന നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പ്രവർത്തിയുടെ പേര് | വർഷം | ഇപ്പോഴത്തെ അവസ്ഥ. |
|---|---|---|---|
| 1 | ഗോപാലൻകുട്ടി ഗ്രന്ഥാലയം കെട്ടിട നിർമ്മാണം (ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്, പന്തലായിനി ബ്ലോക്ക്) | 2008-09 | 50% പണി പൂർത്തിയായി .ഭൂമി പൊതു സ്വത്താണെന്ന രേഖ കൺവീനർ ഇതുവരെ ഹാജരാക്കിയിട്ടില്ല. |
| 2 | ചന്ദംപുനത്തിൽതാഴെ നടപ്പാത ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്, പന്തലായിനി ബ്ലോക്ക് | 2008-09 | പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കൺവീനർക്ക് 30.06.14 ന് ബി.ഡി.ഒ പന്തലായിനി നോട്ടീസ് നൽകി. |
| 3 | ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത് ഓഫീസിന് മുകളിൽ ഇ.എം.എസ് ഹാൾ കെട്ടിട നിർമ്മാണം (ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്,പന്തലായിനി ബ്ലോക്ക്) | 2008-09 | പാർട്ട് ബിൽ തുക നൽകി. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കൺവീനർക്ക് 27.06.2014 ന് ബി.ഡി.ഒ പന്തലായിനി നോട്ടീസ് നൽകി. |
| 4 | കോരപ്പുഴ അഴീക്കൽ റോഡ് പുനരുദ്ധാരണം (രണ്ടാം ഘട്ടം) | 2008-09 | പ്രവൃത്തി പൂർത്തിയായി. അസിസ്റ്റന്റ് എഞ്ചിനീയർ ഫൈനൽ ബിൽ തയ്യാറാക്കുന്നു. |
| 5 | വള്ളിൽക്കടവ് ബോട്ട് ലാന്റിംഗ് സെന്റർ നിർമ്മാണം | 2008-09 | എസ്റ്റിമേറ്റ് നിരക്കിൽ ഇപ്പോൾ ചെയ്യാൻ കഴിയാത്തതിനാൽ പ്രവൃത്തി ഗുണഭോക്തൃ കമ്മിറ്റി ഒഴിവാക്കിയതായി കൺവീനർ ഫോൺ മുഖേന 03.07.14 ന് അറിയിച്ചിട്ടുള്ളതായി ബി.ഡി.ഒ പന്തലായിനി അറിയിച്ചു. |
| 6 | കോരപ്പുഴ ഈസ്റ്റ് റോഡ് പുനരുദ്ധാരണം | 2008-09 | റെയിൽവേയുടെ അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി ഒഴിവാക്കിയതായി കൺവീനർ ഫോൺ മുഖേന 03.07.14 ന് അറിയിച്ചിട്ടുള്ളതായി ബി.ഡി.ഒ പന്തലായിനി അറിയിച്ചു. |
| 7 | കൊണ്ടംവള്ളി മാവിൻചുവട് റോഡ് ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്, പന്തലായിനി ബ്ലോക്ക് | 2009-10 | പ്രവൃത്തി ഇതു വരെ ആരംഭിച്ചിട്ടില്ല |
| 8 | കൊയിലാണ്ടി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ബാസ്കറ്റ് ബോൾ കോർട്ട് നിർമ്മാണം (കൊയിലാണ്ടി മുൻസിപ്പാലിറ്റി) | 2010-11 | പ്രവൃത്തി കൊയിലാണ്ടി നഗരസഭ സ്കൂൾ പി.ടി.എ കമ്മിറ്റിയെ എൽപ്പിച്ചു. |
| 9 | കുഞ്ഞിരാമൻ മാസ്റ്റർ വായനശാലയുടെ ചുറ്റുമതിൽ നിർമ്മാണം (ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് , പന്തലായിനി ബ്ളോക്ക്) | 2010-11 | പ്രവൃത്തി പൂർത്തിയായി. ഭൂമി പൊതു സ്വത്താണെന്ന രേഖ കൺവീനർ ഇതു വരെ ഹാജരാക്കിയിട്ടില്ല. |
| 10 | ചേലിയ വെള്ളാഞ്ചേരി താഴെ സുഭാഷ് സ്മാരക വായനശാല നടപ്പാത നിർമ്മാണം | 2010-11 | പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കൺവീനർക്ക് 30.06.14 ന് ബി.ഡി.ഒ പന്തലായിനി നോട്ടീസ് നൽകി |

| | | | |
|---|---|---|---|
| 11 | കാരാട്ട പടന്നയിൽ ഡ്രെയിനേജ് നിർമ്മാണം | 2010-11 | ബി.ഡി.ഒ പന്തലായിനിയിൽ നിന്നും ജില്ലാ നിർമ്മിതി കേന്ദ്രയെ പ്രവൃത്തി ഏൽപ്പിച്ചു. |
| 12 | കൊയിലാണ്ടി ടൗൺ ശുദ്ധജല വിതരണ പദ്ധതി | 2010-11 | കൊയിലാണ്ടി മുൻസിപ്പൽ ഓഫീസിൽ നിന്നും സ്ഥലം ഇതു വരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ